# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**2040**

06-02-2019 ൽ മറുപടിയ്ക്ക്

## ബഹുനില കെട്ടിടങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.പി.കെ.അബ്ദുറബ്ബ്**<br>**ശ്രീ.അബ്ദുൽ ഹമീദ് പി** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) ബഹുനില കെട്ടിടങ്ങളിൽ ഫലപ്രദമായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ; | എ) ഉണ്ട്. |
| ബി) പരിശോധനയിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ; | ബി) ചില ബഹുനില കെട്ടിടങ്ങളിൽ പരിശോധന നടത്തിയതിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസും നൽകിയിട്ടുണ്ട്. അപാകത പരിഹരിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുന്നതിന് വകുപ്പുതലത്തിൽ നടപടി പുരോഗമിക്കുന്നു. |
| സി) ബഹുനില കെട്ടിടങ്ങളിൽ അഗ്നിബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | സി) ബഹുനില കെട്ടിടങ്ങളിൽ KMBR/KPBR, NBC പ്രകാരവും, വകുപ്പ് തലത്തിൽ തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് പ്രകാരവും പരിശോധന നടത്തി അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്ന് എൻ.ഒ.സി. നൽകാറുള്ളത്. കൂടാതെ വർഷംതോറും പരിശോധന നടത്തി അഗ്നിസുരക്ഷ സംവിധാനങ്ങൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് എൻ.ഒ.സി. പുതുക്കി നൽകാറുള്ളത്. |

സെക്ഷൻ ഓഫീസർ